prepp

Practice, Learn and Achieve
Your Goal with Prepp

# UGC NET Exam

Malayalam

Simplifying
**Government Exams**

SSC CHSL | IAS EXAM | RRB NTPC | NTSE | CDS
SSC CGL | CBSE UGC NET | IBPS PO | NDA
SBI PO | IBPS CLERK | AFCAT | SSC JE | CTET
CSIR UGC NET | CAPF | IBPS RRB

www.prepp.in

# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) ______________________________

   (Name) ______________________________

2. (Signature) ______________________________

   (Name) ______________________________

OMR Sheet No. : ...............................................

(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.________________________________________

(In words)

**D 2 2 1 3**

Time : **1** $^1/_4$ hours] [Maximum Marks : **100**

Number of Pages in this Booklet : **12** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** Ⓐ Ⓑ ● Ⓓ
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

# മലയാളം
# MALAYALAM
## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**1.** മലയാള ഗദ്യത്തിന്റെ പ്രാഗ്സ്വഭാവം വ്യക്തമാക്കുന്ന കൃതി.

(A) കണ്ണശ്ശരാമായണം (B) ഭാഷാ ഭഗവദ്ഗീത
(C) ഭാഷാകൗടലീയം (D) രാമചരിതം

**2.** ദ്രാവിഡ ഭാഷകളുടെ ബന്ധം വൃക്ഷചിത്രത്തിലൂടെ അവതരിപ്പിച്ച മലയാള വൈയാകരണൻ

(A) പാച്ചു മൂത്തത് (B) കേരള പാണിനി
(C) ജോർജ്ജ് മാത്തൻ (D) ശേഷഗിരി പ്രഭു

**3.** 'താരിടൈ മണം പുണർന്ത്' എന്ന ഭാഗം ഏതെല്ലാം നയങ്ങളിലൂടെയാണ് ആധുനിക മലയാളമായി പരിണമിക്കുന്നത് ?

(A) അംഗഭംഗം, താലവ്യാദേശം
(B) സ്വരസംവരണം, വിലോപസംഗ്രഹം
(C) സ്വരസംവരണം, അനുനാസികാതിപ്രസരം
(D) വിലോപസംഗ്രഹം, താലവ്യാദേശം

**4.** **കാര്യം** : രാമചരിതം ഒരു ഉത്തരകേരള കൃതിയാണ്.

**കാരണം** :
1. രാമചരിതത്തിന്റെ കൈയ്യെഴുത്തു പകർപ്പുകൾ കൂടുതൽ ലഭിച്ചിട്ടുള്ളത് ഉത്തരകേരളത്തിൽ നിന്നാണ്.
2. വടക്കൻ കേരളത്തിലെ പ്രാദേശിക പദങ്ങൾ ധാരാളമുണ്ട്.
3. ഉത്തരകേരളത്തിലെ പ്രകടനകലകളുടെ നിരവധി പരാമർശങ്ങളുണ്ട്.
4. ദക്ഷിണ കേരളത്തിലെ പ്രാദേശിക പദങ്ങൾ ഇതിലില്ല.

(A) കാര്യം 1ഉം 2ഉം കാരണങ്ങളും ശരി. (B) കാര്യം 2ഉം 4ഉം കാരണങ്ങളും ശരി.
(C) കാര്യം ശരി കാരണങ്ങളെല്ലാം തെറ്റ്. (D) കാര്യവും കാരണങ്ങളും തെറ്റ്.

**5.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. ഭേരികൾ തന്നുടെ നാദം കൊണ്ടെന്നുമേ പൂരിച്ചു നിന്നുടനാശയെല്ലാം | 1. ഭാഷാനൈഷധം ചമ്പു |
| b. പൊരുചിലതന്നെ നമസ്കൃതി ചെയ്തഥ പൊടിയുമൊഴിഞ്ഞു കൊടുത്തേൻ വാണം | 2. കൃഷ്ണഗാഥ |
| c. മുഗ്ദ്ധാമെല്ലെന്നെടുത്താൾ, തിരുമുടിയിലണിഞ്ഞാൾ, മുകർന്നും മുകർന്നാൾ മുത്താർമൽ കൊങ്കമൊട്ടിൻ മുകളിലുടനുടൻ വച്ചുഗാഢം പുണർന്നാൾ | 3. ഭാരതമാല |
| | 4. ഉണ്ണിയാടി ചരിതം |
| d. ചിന്തൂരത്തിൻ കവിൾത്തേറലുണ്ടുണ്ടുടൻ ചിന്തൂരത്തിമ്പമായ് വണ്ടു പാടിന്റിടം | 5. ഭാരതഗാഥ |

(A) a 2, b 3, c 1, d 4 (B) a 3, b 2, c 3, d 1
(C) a 5, b 1, c 2, d 3 (D) a 4, b 2, c 1, d 5



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

6. 'ലനയോ: കചപേഷുറ:' എന്ന സൂത്രം ലീലാതിലകത്തിൽ ഏതു ശില്പത്തിൽ ?
(A) ഒന്നാം ശില്പം (B) രണ്ടാം ശില്പം
(C) നാലാം ശില്പം (D) മൂന്നാം ശില്പം

7. മതാത്മക ഗാനമാണ്
(A) തോറ്റം പാട്ട് (B) ചിമ്മാനക്കളിപ്പാട്ട്
(C) ഊഞ്ഞാൽപ്പാട്ട് (D) വടക്കൻ പാട്ട്

8. 'ഇവ്വാണ്ടു തിരുവാറ്റുവായാസഭൈയുമടികൾ മാരുമവിരോതത്താൽ കൂടിച്ചെയ്ത കച്ചം' - ഇതിൽ കച്ചം എന്നാൽ എന്ത് ?
(A) രാജാവ് (B) കൊല്ലം
(C) കരാർ (D) സാക്ഷി

9. പുരുഷാർത്ഥക്കൂത്തിലെ പുരുഷാർത്ഥങ്ങൾ ഏവ ?
(A) അശനം, വഞ്ചനം, ശയനം, രാജസേവ
(B) ധർമ്മം, അർത്ഥം, കാമം, മോക്ഷം
(C) സാമം, ദാനം, ഭേദം, ദണ്ഡം
(D) ഋക്, യജുർ, സാമം, അഥർവം

10. തുഞ്ചൻ ദിനമായി ആചരിക്കുന്ന ദിവസം.
(A) ഫെബ്രുവരി 16 (B) മാർച്ച് 8
(C) സെപ്തംബർ 7 (D) ഡിസംബർ 31

11. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ഓട്ടൻ | 1. | കല്യാണസൗഗന്ധികം |
| b. | ശീതങ്കൻ | 2. | ഘോഷയാത്ര |
| c. | പറയൻ | 3. | കിരാതം |

(A) a 1, b 2, c 1 (B) a 3, b 1, c 2
(C) a 3, b 2, c 1 (D) a 1, b 2, c 3

12. 'ഒറ്റക്കല്ലിങ്ങോടിവന്നു മുഖമണ്ഡപവും തീർത്തു' കുചേലവൃത്തത്തിലെ ഈ സന്ദർഭത്തിൽ സൂചിപ്പിക്കപ്പെടുന്ന ഭരണ കർത്താവ്.
(A) മാർത്താണ്ഡ വർമ്മ (B) സാമൂതിരി
(C) കോലത്തിരി (D) ഇതൊന്നുമല്ല

13. താഴെ കൊടുത്തിരിക്കുന്നത് ശരിയായ കാലക്രമത്തിലെഴുതുക.
(A) വേദതർക്കം, ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, വർത്തമാനപുസ്തകം, സംക്ഷേപവേദാർത്ഥം
(B) ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, സംക്ഷേപവേദാർത്ഥം, വേദതർക്കം, വർത്തമാനപുസ്തകം
(C) വർത്തമാനപുസ്തകം, ഉദയംപേരൂർ സൂനഹദോസ് കാനോനകൾ, സംക്ഷേപവേദാർത്ഥം
(D) സംക്ഷേപവേദാർത്ഥം, വേദതർക്കം, വർത്തമാനപുസ്തകം, ഉദയംപേരൂർ സൂനഹദോസ് കാനോനകൾ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**14.** ആഭിചാരം പ്രമേയമാക്കിയ പച്ച മലയാള കൃതി

(A) ഒടി (B) കോമപ്പൻ

(C) പാക്കനാർ (D) ഇതൊന്നുമല്ല

**15.** മലയ വിലാസത്തിന് വ്യാഖ്യാനമെഴുതിയ രണ്ടു പണ്ഡിതന്മാർ

(A) പന്മന രാമചന്ദ്രൻ നായർ, പി.വി. വേലായുധൻ പിള്ള

(B) പി.കെ. നാരായണ പിള്ള, എസ്. ഗുപ്തൻ നായർ

(C) പി.വി. വേലായുധൻ പിള്ള, പി.കെ. നാരായണ പിള്ള

(D) എസ്. ഗുപ്തൻ നായർ, പന്മന രാമചന്ദ്രൻ നായർ

**16.** താഴെ കൊടുത്തിരിക്കുന്നവ കാലക്രമത്തിലെഴുതുക.

(A) പ്രരോദനം, ഒരു വിലാപം, കണ്ണുനീർത്തുള്ളി, മാടവനപ്പറമ്പിലെ ചിത

(B) ഒരു വിലാപം, പ്രരോദനം, കണ്ണുനീർത്തുള്ളി, മാടവനപ്പറമ്പിലെ ചിത

(C) കണ്ണുനീർത്തുള്ളി, മാടവനപ്പറമ്പിലെ ചിത, പ്രരോദനം, ഒരു വിലാപം

(D) ഒരു വിലാപം, കണ്ണുനീർത്തുള്ളി, മാടവനപ്പറമ്പിലെ ചിത, പ്രരോദനം

**17.** പൂക്കുന്നിതാമുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം – ഏതു കവിത ?

(A) പൂക്കാലം (B) പുഷ്പവാടി

(C) ഒരു വനയാത്ര (D) വീണപൂവ്

**18.** സമുദായ നേതൃത്വത്തിന്റെ ആരോപണങ്ങളിൽ വിഷമിച്ച് ആശാൻ എഴുതിയ കവിത.

(A) ഒരു സിംഹപ്രസവം (B) ഒരു തീയക്കുട്ടിയുടെ വിചാരം

(C) ഗ്രാമവൃക്ഷത്തിലെ കുയിൽ (D) ഇതൊന്നുമല്ല

**19.** 'ഉടൻ മഹാദേവിയിടത്തു കൈയാൽ
അഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി
പാർശ്വസ്ഥനാകും പതിയോടുരച്ചു' – സന്ദർഭം

(A) ഗണപതിയുടെ കൊമ്പുമുറിഞ്ഞപ്പോൾ

(B) രാധാകൃഷ്ണന്മാർ സന്ദർശിച്ചപ്പോൾ

(C) പരശുരാമൻ അനുവാദമില്ലാതെ അന്തഃപ്പുരത്തിൽ കടന്നപ്പോൾ

(D) ശിവൻ പാർവതിയെ പരിഗണിക്കാതിരുന്നപ്പോൾ

**20.** ബ്രിട്ടിഷ് വനിത ഇന്ത്യൻ സ്ത്രീകളെ അപമാനിച്ചതിനെതിരായി ഉള്ളൂർ എഴുതിയ കവിത.

(A) ചിത്രശാല (B) ഹീര

(C) കർണ്ണഭൂഷണം (D) ഭക്തിദീപിക

**21.** താഴെ കൊടുത്തിരിക്കുന്നവ കാലക്രമത്തിലെഴുതുക.

(A) പാടുന്ന പിശാച്, യവനിക, സ്പന്ദിക്കുന്ന അസ്ഥിമാടം, രമണൻ

(B) രമണൻ, സ്പന്ദിക്കുന്ന അസ്ഥിമാടം, പാടുന്ന പിശാച്, യവനിക

(C) സ്പന്ദിക്കുന്ന അസ്ഥിമാടം, യവനിക, രമണൻ, പാടുന്ന പിശാച്

(D) യവനിക, സ്പന്ദിക്കുന്ന അസ്ഥിമാടം, രമണൻ, പാടുന്ന പിശാച്



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

22. വെളിച്ചപ്പാട് പുരാവൃത്തം ആധാരമാക്കിയ ഇടശ്ശേരിയുടെ കാവ്യം.
(A) കാവിലെപ്പാട്ട്
(B) പൂതനപ്പാട്ട്
(C) പുത്തൻകലവും അരിവാളും
(D) പണിമുടക്കം

23. ആനയെ ഇതിവൃത്തമാക്കി വൈലോപ്പിള്ളി എഴുതിയ രണ്ടു കവിതകൾ
(A) സഹ്യന്റെ മകൾ, വളർത്തുമകൾ
(B) കണ്ണീർപ്പാടം, സഹ്യന്റെ മകൻ
(C) സഹ്യന്റെ മകൻ, യുഗപരിവർത്തനം
(D) സഹ്യന്റെ മകൻ, ഗജേന്ദ്രമോക്ഷം

24. **കാര്യം** : കാലികമായ സാമൂഹ്യ പ്രശ്നങ്ങൾ തനതു നാടകത്തിന്റെ ശീലിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടില്ല. ഒരു പക്ഷേ അത് അസാധ്യമായിരുന്നുതാനും.
**കാരണം** : കേരളീയ രംഗകലാപാരമ്പര്യങ്ങളുമായി ജന്യജനകബന്ധമുള്ള ഒരു രംഗവേദിയുടെ സൃഷ്ടിയിൽ അത് അപ്രായോഗികമാണ്.
(A) കാര്യം പൂർണ്ണമായും ശരി.
(B) കാര്യം ഭാഗികമായി മാത്രം ശരി, കാവാലത്തിന്റെ അവനവൻ കടമ്പയിലും മറ്റു പല തനതുനാടകങ്ങളിലും കാലിക പ്രശ്നങ്ങളുടെ ധ്വന്യാത്മകാവതരണമുണ്ടല്ലോ.
(C) കാരണം പൂർണ്ണമായും തെറ്റ്, രംഗകലാപാരമ്പര്യങ്ങളുടെ അർത്ഥപൂർണ്ണമായ സ്വാംശീകരണത്തിലൂടെ അതു പ്രായോഗികമാക്കാമല്ലോ.
(D) കാരണം മലയാള നാടക വേദിയെ സംബന്ധിച്ചെങ്കിലും ശരി.

25. ചന്ദ്രോത്സവം നടന്നതായി പറയപ്പെടുന്ന പ്രദേശം.
(A) ചിറ്റിലപ്പള്ളി
(B) കടുത്തുരുത്തി
(C) കണ്ടിയൂർ
(D) ചോകിരം

26. 'ന്യൂനത്വേ അധമം' – അർത്ഥമാക്കുന്നത്
(A) ഭാഷയും രസവും കൂടിയിരിക്കുന്നത്
(B) ഭാഷയും രസവും കുറഞ്ഞിരിക്കുന്നത്
(C) ഭാഷ കൂടിയിരിക്കുന്നത്
(D) സംസ്കൃതം കുറഞ്ഞിരിക്കുന്നത്

27. ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | നമ്പ്യാരും തുള്ളൽ സാഹിത്യവും | 1. | ഡോ. വി.എസ്. ശർമ്മ |
| b. | കുഞ്ചൻ നമ്പ്യാർ വാക്കും സമൂഹവും | 2. | ഏവൂർ പരമേശ്വരൻ |
| c. | കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും | 3. | ഗണപതി ശർമ്മ |
| d. | തുള്ളൽ പ്രസ്ഥാനത്തിന്റെ ആഗമനം | 4. | കെ.എൻ. ഗണേഷ് |
| | | 5. | ടി. ഭാസ്ക്കരൻ |

**കോഡ്** :
(A) a 1, b 3, c 4, d 2
(B) a 3, b 1, c 5, d 2
(C) a 2, b 4, c 1, d 3
(D) a 1, b 3, c 2, d 5



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

28. താഴെ കൊടുത്തിരിക്കുന്നവരുടെ ജീവിത കാലക്രമം ശരിയേത് ?

(A) ആശാൻ, ഉള്ളൂർ, വള്ളത്തോൾ (B) ഉള്ളൂർ, ആശാൻ, വള്ളത്തോൾ

(C) ആശാൻ, വള്ളത്തോൾ, ഉള്ളൂർ (D) വള്ളത്തോൾ, ആശാൻ, ഉള്ളൂർ

29. **കാര്യം** : നിരവധി ആദ്യകാല സിനിമകളുടെ തിരക്കഥകൾ പ്രഖ്യാതങ്ങളായ സാഹിത്യകൃതികളുടെ അനുവർത്തനങ്ങളായിരുന്നു. പിന്നീട് സിനിമ പുലർത്തിയിരുന്ന സാഹിത്യ ബാന്ധവത്തിന് ഭംഗം നേരിട്ടു.

**കാരണം** :

1. ആദ്യകാല ചലച്ചിത്ര സംവിധായകർ എഴുത്തുകാരായിരുന്നു.
2. കച്ചവടസിനിമയുടെ രസരൂചിക്കൂട്ടുകൾക്ക് മനുഷ്യ ജീവിത സമസ്യകളുടെ മഹദാവിഷ്ക്കാരങ്ങളായ സാഹിത്യ കൃതികളിൽ ഇടമുണ്ടായിരുന്നില്ല
3. അനുവർത്തന (adaptation) വിദ്യയിൽ അപ്രഗത്ഭരായ സംവിധായകരുടെ കടന്നുവരവ്
4. ആധുനിക ജീവിതത്തിന്റെ അനന്തവൈചിത്ര്യങ്ങളുടെയും നവമന്ന്യകളുടെയും ആവിഷ്ക്കാരം സ്വതന്ത്ര പ്രമേയ രൂപീകരണങ്ങളിലൂടെ സാധ്യമാക്കാമെന്ന അറിവും ആത്മവിശ്വാസവും

(A) കാര്യം ശരി, കാരണങ്ങളെല്ലാം തെറ്റ്.

(B) കാര്യം ശരി, കാരണങ്ങൾ 1ഉം 3ഉം ശരി.

(C) കാര്യം ഭാഗികമായി ശരി, കാരണം രണ്ടുമാത്രം ശരി.

(D) കാര്യം ശരി, കാരണം 2ഉം 3ഉം 4ഉം ശരി.

30. താഴെ കൊടുത്തിരിക്കുന്ന ആട്ടക്കഥകൾ രചനാകാലക്രമത്തിൽ എഴുതുക.

(A) കല്യാണ സൗഗന്ധികം, കിർമ്മീര വധം, ബക വധം, നിവാതകവചകാലകേയ വധം

(B) ബക വധം, കല്യാണ സൗഗന്ധികം, കിർമ്മീര വധം, നിവാതകവചകാലകേയ വധം

(C) നിവാതകവചകാലകേയ വധം, ബക വധം, കിർമ്മീര വധം, കല്യാണ സൗഗന്ധികം

(D) കിർമ്മീര വധം, ബക വധം, നിവാതകവചകാലകേയ വധം, കല്യാണ സൗഗന്ധികം

31. താഴെ കൊടുത്തിരിക്കുന്ന നാടകങ്ങൾ കാലക്രമത്തിലാക്കുക.

(A) ചക്കീചങ്കരം, സമത്വവാദി, കലി, കറുത്തദൈവത്തെ തേടി

(B) കറുത്തദൈവത്തെ തേടി, ചക്കീചങ്കരം, സമത്വവാദി, കലി

(C) ചക്കീചങ്കരം, സമത്വവാദി, കറുത്തദൈവത്തെ തേടി, കലി

(D) ചക്കീചങ്കരം, കലി, സമത്വവാദി, കറുത്തദൈവത്തെ തേടി

32. കാന്തിയുഞ്ചെൽവമും മിക്ക
കാന്തളൂർമ്പാല കാണലാം – ഏതു കൃതിയിലെ വർണ്ണന ?

(A) പയ്യന്നൂർപാട്ട് (B) തിരുനിഴൽമാല

(C) ചന്ദ്രോത്സവം (D) അനന്തപുരവർണ്ണനം

33. ചന്ദ്രോത്സവത്തിൽ പരാമർശിക്കപ്പെടുന്ന കവി

(A) ഉദ്ദണ്ഡശാസ്ത്രി (B) പുനം

(C) പന്നിയംമ്പിള്ളി ഉണ്ണിക്കണ്ടൻ (D) ശങ്കരകവി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

**34.** പൈങ്കനെത്തിയിട്ടില്ല
പോയിട്ട് നാളേഴെട്ടായ് –എന്നാരംഭിക്കുന്ന ജി. കവിത.

(A) ചന്ദനക്കട്ടിൽ
(B) മൂന്നരുവിയും ഒരു പുഴയും
(C) ഓടക്കുഴൽ
(D) വിശ്വദർശനം

**35.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | കുഴിവെട്ടിമൂടുക വേദനകൾ<br>കുതികൊൾക ശക്തിയിലേക്കു നമ്മൾ | 1. | ചങ്ങമ്പുഴ |
| b. | ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ<br>പതിതരേ നിങ്ങൾതൻ പിന്മുറക്കാർ | 2. | ഇടശ്ശേരി |
| c. | ഉയരും ഞാൻ നാടാകെ പടരും ഞാനൊരു<br>പുത്തൻ ഉയിർ  നാട്ടിനേകിക്കൊണ്ടുയരും വീണ്ടും | 3. | വൈലോപ്പിള്ളി |
| d. | ചോര തുടിക്കും ചെറുകയ്യുകളേ<br>പേറുക വന്നീ പന്തങ്ങൾ | 4. | പി. ഭാസ്കരൻ |
| | | 5. | വയലാർ |

**കോഡ് :**

(A) a 2, b 1, c 4, d 3
(B) a 3, b 2, c 5, d 4
(C) a 1, b 3, c 2, d 5
(D) a 4, b 5, c 3, d 2

**36.** അദ്ധ്യാത്മരാമായണമല്ലാതെ എഴുത്തച്ഛനെഴുതിയ ഇതര രാമായണ കൃതി

(A) പതിന്നാലു വൃത്തം
(B) ഇരുപത്തിനാലു വൃത്തം
(C) ഹരിനാമ കീർത്തനം
(D) പാതാള രാമായണം

**37.** കാലമതിന്റെ കനത്തകരംകൊണ്ടു
ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ – ആരുടെ വരികൾ ?

(A) ഉള്ളൂർ
(B) വള്ളത്തോൾ
(C) ആശാൻ
(D) സി.എസ്. സുബ്രഹ്മണ്യൻ പോറ്റി

**38.** ചേരുംപടി ചേർക്കുക.

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| a. | നാട്യശാസ്ത്രം | 1. | വള്ളത്തോൾ |
| b. | ഉത്തര രാമചരിതം | 2. | എ.ഡി. ഹരിശർമ്മ |
| c. | ഋഗ്വേദം | 3. | ചാത്തുക്കുട്ടി മന്നാടിയാർ |
| d. | ദശരൂപകം | 4. | കെ.പി. നാരായണപ്പിഷാരടി |
| | | 5. | സി. രാജേന്ദ്രൻ |

**കോഡ് :**

(A) a 5, b 2, c 4, d 3
(B) a 4, b 3, c 1, d 2
(C) a 3, b 1, c 2, d 4
(D) a 3, b 1, c 4, d 2

**39.** ആധുനിക കവിതകളുടെ സമാഹാരമായ 'ഹരിശ്രീ'ക്ക് 'അവതാരിക' എഴുതിയ കവി.

(A) ആറ്റൂർ
(B) അയ്യപ്പപ്പണിക്കർ
(C) സച്ചിദാനന്ദൻ
(D) കടമ്മനിട്ട



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

40. 'പൂർണ്ണമായ വളർച്ചയെത്തുംമുമ്പ് മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ' എന്നു തുടങ്ങുന്ന നോവൽ.

(A) ആടു ജീവിതം (B) മനുഷ്യന് ഒരു ആമുഖം

(C) ഫ്രാൻസിസ് ഇട്ടിക്കോര (D) ഇതൊന്നുമല്ല

41. ചേരുംപടി ചേർക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| a. | ഹരിനാമ കീർത്തനം മലയാളത്തിലെഴുതിയ ഉപനിഷത്ത് | 1. | പി. ദാമോദരൻ പിള്ള |
| b. | നളചരിതം മലയാളത്തിലെ ശാകുന്തളം | 2. | കെ.എൻ. എഴുത്തച്ഛൻ |
| c. | കിളിപ്പാട്ടിലെ ഭാഷ ഹനുമാൻ ചാട്ടമല്ല | 3. | മുണ്ടശ്ശേരി |
| d. | ഉണ്ണുനീലിസന്ദേശം പരാജയ കവനം | 4. | എൻ. കൃഷ്ണ പിള്ള |
| | | 5. | സി.ജെ. തോമസ് |

**കോഡ്** :

(A) a 4, b 3, c 2, d 1 (B) a 3, b 1, c 2, d 4

(C) a 1, b 3, c 2, d 5 (D) a 5, b 2, c 3, d 1

42. ചെമ്മീൻ, കയർ എന്നീ നോവലുകൾ ഏതു തിണ സങ്കല്പങ്ങളുമായി ചേർത്തു വായിക്കാം ?

(A) നെയ്തൽ, മരുതം (B) നെയ്തൽ, കുറിഞ്ചി

(C) മരുതം, പാലൈ (D) മരുതം, മുല്ലൈ

43. എഴുത്തച്ഛൻ പുരസ്ക്കാരം ലഭിച്ച ക്രമത്തിലെഴുതുക.

(A) അഴീക്കോട്, ഗുപ്തൻ നായർ, കോവിലൻ, ലീലാവതി

(B) അഴീക്കോട്, കോവിലൻ, ഗുപ്തൻ നായർ, ലീലാവതി

(C) അഴീക്കോട്, ലീലാവതി, കോവിലൻ, ഗുപ്തൻ നായർ

(D) അഴീക്കോട്, കോവിലൻ, ലീലാവതി, ഗുപ്തൻ നായർ

44. 'അദ്ദേഹം മൂലഗ്രന്ഥത്തിലെ ആശയങ്ങൾ പലതും വെട്ടിക്കുറയ്ക്കുന്നു. ചിലതു വലിച്ചു നീട്ടുന്നു. ചിലത് പിടിച്ചൊതുക്കിച്ചിമിഴിലടയ്ക്കുന്നു. പല ഭാഗങ്ങളും മിനുക്കുകയും തിളക്കുകയും ചെയ്യുന്നു. മനോധർമ്മം പ്രയോഗിച്ച് നൂതനാശയങ്ങൾ തുന്നിയിണക്കുന്നു.' എൻ കൃഷ്ണ പിള്ളയുടെ ഈ പ്രസ്താവം ആരെപ്പറ്റി ?

(A) ചാത്തുക്കൂട്ടി മന്നാടിയാരെപ്പറ്റി (B) കേരളവർമ്മയെപ്പറ്റി

(C) എഴുത്തച്ഛനെപ്പറ്റി (D) നാലപ്പാടിനെപ്പറ്റി

45. പരിസ്ഥിതി സൗന്ദര്യശാസ്ത്ര ദർശനത്തിൽ ചെറുകഥയെ വിലയിരുത്തിയ നിരൂപണ ഗ്രന്ഥത്തിന്റെ കർത്താവ്.

(A) കെ.പി. അപ്പൻ (B) ജീ. മധുസൂദനൻ

(C) കെ.എസ്. രവികുമാർ (D) എൻ. ശശിധരൻ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

താഴെ കൊടുത്തിരിക്കുന്ന ഉപന്യാസഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

തന്റെ നാടകങ്ങൾ പരീക്ഷണങ്ങളായിരുന്നു എന്ന് കൃഷ്ണപിള്ള സൂചിപ്പിക്കുന്നുണ്ട്. കൈരളിയുടെ കഥയിൽ അദ്ദേഹം പറയുന്നു: "പരീക്ഷണമെന്നാൽ നാളിതുവരെ ഒരു പ്രത്യേക സാഹചര്യത്തിൽ ആരും പ്രയോഗിച്ച് നടപ്പിൽ വരുത്തിയിട്ടില്ലാത്ത പ്രതിപാദ്യങ്ങളോ രൂപശില്പ മാതൃകയോ അവ രണ്ടുമോ ഇദംപ്രഥമമായി അവതരിപ്പിക്കുക, നിലവിലുള്ള ഭാവശില്പസമ്പ്രദായത്തോടും, രൂപനിർമ്മാണ രീതിയോടുമുണ്ടാകുന്ന അസംതൃപ്തിയാണ് ഒരെഴുത്തുകാരനെ പുതുമകൾ പരീക്ഷിച്ചുനോക്കാൻ പ്രേരിപ്പിക്കുന്നത് (പു. 360) നാടകരചനയിൽ തനിക്കുണ്ടായിരുന്ന ആദർശത്തെപ്പറ്റിയും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്. ഗൗരവസമ്പൂർണ്ണവും മൗലികവുമായ ഏതെങ്കിലും ഒരു ജീവിതപ്രശ്നത്തെ യാഥാർത്ഥ്യബോധത്തോടെ സുസൂക്ഷ്മം വിശകലനം ചെയ്ത് അതിന്റെ ആവിഷ്കൃതിക്ക് കൂടിയേ തീരൂ എന്ന് ഉത്തമബോധ്യമുള്ള കഥാഗാത്രവും സ്ഥലകാലങ്ങളും കഥാപാത്രങ്ങളും സന്ദർഭങ്ങളും സംഭാഷണങ്ങളും വാക്യങ്ങളും മാത്രം ഉപയോഗിച്ച് ആ ഘടകങ്ങളെയെല്ലാം സ്വീകൃത പ്രശ്നത്തിന്റെ സമഗ്ര പ്രകാശനത്തിൽ ഏകാഗ്രങ്ങളാക്കി നാടകം രചിക്കണം എന്നതായിരുന്നു എന്റെ ആദർശം." അതിന് താൻ ഉപയോഗിച്ച മാർഗ്ഗങ്ങളും അദ്ദേഹംതന്നെ വ്യക്തമാക്കിയിട്ടുണ്ട്. "ഇരട്ട നൂലിട്ട് ഇതിവൃത്തം നെയ്തെടുക്കുന്ന മുൻപതിവ് ഏകാഗ്രതയ്ക്ക് വിഘ്നമുണ്ടാക്കുന്നതിനാൽ ഏകസൂത്രം മാത്രമുള്ള ഇതിവൃത്തങ്ങൾ സ്വീകരിക്കുക, വ്യഥാസ്ഥൂലതയ്ക്കിടം കൊടുക്കാതിരിക്കാൻവേണ്ടി രംഗസംഖ്യ വെട്ടിച്ചുരുക്കുക, അങ്ങനെ എണ്ണത്തിൽ കുറഞ്ഞ സന്ദർഭങ്ങളെ, ആകാവുന്നിടത്തോളം സാന്ദ്രഭാവങ്ങളും സംഘട്ടനോജ്ജ്വലങ്ങളുമാക്കുക, ഒതുക്കവും മുറുക്കവുമുള്ള കഥാശരീരത്തിനുചിതമായി പാത്രങ്ങളെ കുറയ്ക്കുക, ദീർഘ പ്രസംഗങ്ങളും ആത്മഗതം തുടങ്ങിയ അസ്വാഭാവികതകളും ഒഴിവാക്കുക എന്നീ മാർഗ്ഗങ്ങൾ ഞാൻ അവലംബിച്ചത് മേല്പറഞ്ഞ ലക്ഷ്യം പ്രാപിക്കണമെന്ന മോഹത്തോടും ദൃഢ നിശ്ചയത്തോടും കൂടിയായിരുന്നു." (പു. 360) ഈ പദ്ധതിയനുസരിച്ചാണ് കൃഷ്ണപിള്ള ഭഗ്നഭവനം (1942), കന്യക (1944), ബലാബലം (1946), അനുരഞ്ജനം (1950), മുടക്കു മുതൽ (1953), അഴിമുഖത്തേക്ക് (1955) മുതലായ നാടകങ്ങൾ രചിച്ചത്. ഭഗ്നഭവനത്തിൽ രാജയക്ഷ്മാവ് പിടിപെട്ട ഒരു ഭർത്താവിന്, തന്റെ ഭാര്യയ്ക്ക് കാമുകനോടുള്ള അടുപ്പത്തെപ്പറ്റിയുണ്ടാകുന്ന ദുശ്ശങ്കയും തന്മൂലം വളരുന്ന ഭാര്യാവിരോധവും സ്വന്തം ജീവിതാന്ത്യം അടുത്തുവരുന്നതിലുള്ള കടുത്ത ദുഃഖവും ചേർത്താണ് തകരുന്ന കുടുംബത്തിന്റെ കഥ നാടകകൃത്ത് പറയുന്നത്.

ഉദ്യോഗസ്ഥയായ മകൾ അച്ഛനമ്മമാരെയും സഹോദരങ്ങളെയും പോറ്റാൻവേണ്ടി അവിവാഹിതയായി കഴിയുന്നതും ഒടുവിൽ ബന്ധുക്കളുടെ വഞ്ചനയെപ്പറ്റി ശരിയായ ബോധം കിട്ടിയപ്പോൾ, കീഴ്ജീവനക്കാരനോടൊപ്പം തന്റേടത്തോടെ ഇറങ്ങിപ്പോകുന്നതുമാണ് 'കന്യക'യിലെ കഥാതന്തു.

വീട്ടുകാര്യങ്ങൾക്ക് പ്രാധാന്യം നല്കുന്ന, യാഥാസ്ഥിതികനെന്നു പറയാവുന്ന ജ്യേഷ്ഠനും പൊതുകാര്യപ്രസക്തനും പുരോഗാമിയുമായ അനുജനും ജീവിതത്തെ നോക്കിക്കാണുന്നതിലുള്ള വ്യത്യാസം വെളിപ്പെടുത്തി, വൈരുധ്യമല്ല, അനുരഞ്ജനമാണ് ജീവിതത്തിൽ അവശ്യം വേണ്ടത് എന്ന് വെളിപ്പെടുത്തുന്ന ഒരു കൃതിയാണ് 'അനുരഞ്ജനം.'

എൻ. കൃഷ്ണപിള്ള തുടങ്ങിവച്ച ഈ പ്രസ്ഥാനത്തിൽ സി.ജെ. തോമസ്, പുളിമാന പരമേശ്വരപിള്ള, കെ. സുരേന്ദ്രൻ, സി.എൻ. ശ്രീകണ്ഠൻ നായർ, ജീ. ശങ്കരപ്പിള്ള എന്നിവർ ഉൾപ്പെടുന്നു. എങ്കിലും ആത്യന്തികവിശകലനത്തിൽ മലയാളത്തിലെ ഇബ്സൻ സ്വാധീനതയെപ്പറ്റി പഠിക്കുമ്പോൾ അതിന്റെ പോരായ്മകളും പരിമിതികളുംകൂടി നാം കാണേ-ണ്ടിയിരിക്കുന്നു. ഇബ്സനെ പറ്റി നമ്മുടെ നാടകകൃത്തുക്കൾക്കുണ്ടായിരുന്ന അറിവ് ഭാഗികവും പരിമിതവുമായിരുന്നുവെന്നും ആർച്ചറുടെ വിവർത്തനങ്ങളിലൂടെ ലഭിച്ച ഇബ്സൻ കൃതികൾ ഇബ്സനെപറ്റി തെറ്റായ ധാരണകൾ നല്കിയെന്നും ജി. ശങ്കരപ്പിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറയുന്നു: "എൻ. കൃഷ്ണപിള്ള 'ഭഗ്നഭവനം' മുതലുള്ള നാടകങ്ങളിൽ ഇബ്സന്റെ ഇതിവൃത്താസൂത്രണ സമ്പ്രദായവും രൂപ രചനയും പകർത്തുവാൻ ശ്രമിച്ചു. ആദ്യകൃതിയിൽ ഭാവപരമായി അദ്ദേഹം വിജയിച്ചതായി കരുതുക വയ്യ. എന്നാൽ 'ഭഗ്നഭവന'ത്തിന്റെ രൂപശില്പം



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

ഇബ്സന്റെ സാമൂഹ്യപ്രമേയപ്രധാനങ്ങളായ കൃതികളുടേതിനോട് ഏറെക്കുറെ തുല്യമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. തുടർന്നുവന്ന കന്യക, ബലാബലം, മുടക്കുമുതൽ, അനുരഞ്ജനം തുടങ്ങിയ നാടകങ്ങളിൽ ഇതിവൃത്തകല്പനയിലും നാടകഘടനയിലും ഇബ്സന്റെ ആ പ്രത്യേക കാലഘട്ടത്തിലെ (സോഷ്യൽ റിവോൾട്ടിന്റെ കാലം) കൃതികളുടെ സ്വഭാവം പകർത്തുവാൻ അദ്ദേഹത്തിന് സാധിച്ചു. ഈ നാടകങ്ങൾ വഴി കൃഷ്ണപിള്ളയ്ക്ക്, അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുള്ള സ്വന്തം നാടക ലക്ഷ്യങ്ങൾ സഫലീകരിക്കാൻ സാധിച്ചിട്ടുണ്ട്; അതിൽ സംശയമില്ല. എന്നാൽ ഇബ്സന്റെ ഒരു പ്രത്യേക കാലഘട്ടത്തിലുള്ള നാടകങ്ങളും ഒരതിരുവരെ സ്ട്രിൻബർഗിന്റെ ആദ്യകാല യഥാർതഥ നാടകങ്ങളും ആണ് അദ്ദേഹത്തെ സ്വാധീനിച്ചിരുന്നത്. ഇബ്സൻ തന്റെ മറ്റു നാടകങ്ങളിൽ പ്രത്യക്ഷമായിത്തന്നെ പ്രകടമാക്കിയിട്ടുള്ള പ്രതീകാത്മകരൂപവും കാവ്യഭംഗിയും യാഥാർത്ഥ്യത്തിനപ്പുറമുള്ള മാനങ്ങളും മലയാള നാടകത്തിലെ ഇബ്സനിസ്റ്റ് ആവിഷ്കാരങ്ങളിൽ പ്രത്യക്ഷപ്പെടാതെതന്നെ നിന്നു; നില്ക്കുന്നു. (ഇബ്സന്റെ നാടകസങ്കല്പം - ജി. ശങ്കരപ്പിള്ള)

ഇബ്സനെ അനുകരിക്കാൻ ശ്രമിച്ചതിൽ ലക്ഷ്യം പിഴച്ചുപോയെന്നും മാർഗ്ഗം തെറ്റായിരുന്നു എന്നും ശങ്കരപ്പിള്ള വിലയിരുത്തുന്നു. ഇബ്സന്റെ സ്വാധീനതയുടെ കഥ അദ്ദേഹം ഇങ്ങനെ ചുരുക്കുന്നു:

"അങ്ങനെ ഇബ്സന്റെ നാടകസമ്പ്രദായത്തെ അധ്യാഹരിക്കുന്നു എന്ന ബോധത്തോടെ മലയാള നാടകം അനുസരിക്കാൻ ഉത്സുകമായത് സുഘടിത നാടകസങ്കല്പത്തെയായിരുന്നു; ആ സങ്കല്പത്തിന് കാലാകാലങ്ങളിൽ യൂറോപ്പിലും വിശേഷിച്ച് ഇംഗ്ലണ്ടിലും വന്ന വ്യതിയാനങ്ങളെ ആയിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇബ്സനെക്കാൾ നമ്മുടെ നാടകകൃത്തുക്കളെ സ്വാധീനിച്ചത് ഗാൽസ്വർത്തിയാണെന്ന് സാരം. യഥാർഥ ഇബ്സനും അദ്ദേഹത്തിന്റെ നാടകസമഗ്രതയും മഞ്ഞുമലപോലെ മാത്രമേ മലയാള നാടക രംഗത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ. ഒരു പക്ഷേ, ഇത് മലയാള നാടകത്തിന്റെ മാത്രം കഥയാവണമെന്നില്ല. ഭാരതത്തിലെ പ്രാദേശികഭാഷകളിലൊക്കെ ഇബ്സൻ ഇമ്മട്ടിൽ അപൂർണമായി മാത്രമേ അറിയപ്പെടുന്നുള്ളൂ എന്നു പറയാം."

ഒരു കാര്യംകൂടി, ഈ മറുനാടൻ സ്വാധീനതയുടെ ചരിത്രത്തെപ്പറ്റി പറയുവാനുണ്ട്. ഇബ്സന്റെ ആദ്യനാടകം 1849-ൽ പുറത്തുവന്നു; എൻ. കൃഷ്ണപിള്ളയുടെ ആദ്യ നാടകം 1942-ലും. ഏതാണ്ട് നൂറുവർഷത്തിനുശേഷമാണ് നാം അനുകരണം ആരംഭിക്കുന്നതുതന്നെ. ഇബ്സന്റെ കാലത്തിനുശേഷം യൂറോപ്യൻ നാടകവേദി വളരെയധികം പരീക്ഷണങ്ങൾക്ക് വിധേയമായി. തന്റെ സമകാലികരായ പാശ്ചാത്യനാടകകൃത്തുക്കൾ ആരാണെന്നോ എന്തൊക്കെ എഴുതുന്നുവെന്നോ മനസ്സിലാക്കാൻ കൃഷ്ണപിള്ള ശ്രമിച്ചുവോ എന്ന് സംശയമുണ്ട്. 1950-ന് ശേഷം മഹാനായ ഇബ്സനിൽ നിന്ന് പിരാൻഡെലോയിലേക്കും ചാപ്പെക്കിലേക്കും കൊക്തോയിലേക്കും ബ്രെഹ്റ്റിലേക്കുമുള്ള ദൂരം നടന്നുതീർത്തത് പുളിമാനയും സി.ജെ. തോമസും പില്ക്കാലത്ത് ജി. ശങ്കരപ്പിള്ളയുമാണ്. സോഫോക്ലീസിനെയും മറ്റും മറക്കാതെ തന്നെ അനുകരണത്തിന്റെ വഴികൾ വിട്ട് സ്വന്തം വേരുകൾ കണ്ടെത്താനുള്ള ശ്രമം അതും കഴിഞ്ഞാണ് നാം ആരംഭിച്ചത് – സി.എൻ. ശ്രീകണ്ഠൻനായരിലും കാവാലം നാരായണപ്പണിക്കരിലുംകൂടി – അതും ഭാസനെയും കാളിദാസനെയും മറക്കാതെ തന്നെ. സി.ജെ.യുടെ 'അവൻ വീണ്ടും വരുന്നു' (1949) ഇറങ്ങിയ കാലത്തു തന്നെയാണ് സമാന്തരപ്രശ്നം കൈകാര്യം ചെയ്യുന്ന ടി. എസ്. എലിയട്ടിന്റെ കോക്ക്ടെയിൽ പാർട്ടി (Cocktail Party) (1950) ഇറങ്ങിയതും. 1925 മുതൽ 1950 വരെയുള്ള കാലഘട്ടത്തിൽ നാം പടിഞ്ഞാറിനോടൊപ്പമെത്താൻ സഫലമായി ശ്രമിച്ചു എന്നു പറയാം.

**46.** എഴുത്തുകാരനെ പുതുമകൾ പരീക്ഷിച്ചു നോക്കാൻ പ്രേരിപ്പിക്കുന്നത് എന്താണ് ?

1. പഴയ പ്രതിപാദ്യങ്ങളുടെ പൂർണ്ണമായ നിരാസം.
2. പരമ്പരാഗത രൂപശില്പ മാതൃകകളുടെ സ്വീകാരം
3. നിലവിലുള്ള ഭാവ-രൂപ ശില്പ സംവിധാന രീതികളോടുള്ള അസംതൃപ്തി.
4. സമകാലിക യാഥാർത്ഥ്യങ്ങളുടെ സമഗ്ര സ്വീകാരം.

(A) 1 മാത്രം ശരി (B) 2ഉം 4ഉം ശരി
(C) 3 ശരി (D) 1ഉം 4ഉം ശരി



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

47. **കാര്യം** : ഇബ്സനെപ്പറ്റി നമ്മുടെ നാടകകൃത്തുക്കൾക്കുണ്ടായിരുന്ന അറിവ് ഭാഗികവും പരിമിതവുമായിരുന്നു എന്ന് ജി. ശങ്കരപ്പിള്ള.

**കാരണം** :
1. നമ്മുടെ നാടകകൃത്തുകൾ ഇബ്സന്റെ രൂപമാതൃകയുടെ ജഢ മാതൃകകളെ മാത്രമാണ് ആലിംഗനം ചെയ്തത്.
2. ആർച്ചറുടെ വിവർത്തനങ്ങൾ ഇബ്സനെപ്പറ്റി നൽകിയ തെറ്റായ ധാരണകൾ അവരെ സ്വാധീനിച്ചു.
3. ഭാരതത്തിലെ മറ്റു പ്രാദേശിക ഭാഷകളിലുണ്ടായ ഇബ്സൻ വിവർത്തനങ്ങളുടെ അമിത സ്വാധീനം

(A) കാര്യം ശരി. കാരണങ്ങൾ മൂന്നും തെറ്റ്.
(B) കാര്യം ശരി. കാരണം 1ഉം 2ഉം ശരി.
(C) കാര്യം ശരി. കാരണം 2 മാത്രം ശരി.
(D) കാരണം 3 മാത്രം ശരി.

48. മലയാള നാടകത്തിലെ ഇബ്സനിസ്റ്റ് ആവിഷ്ക്കാരങ്ങളിൽ പ്രത്യക്ഷപ്പെടാതെ നിന്നത് ഏതൊക്കെ ?

1. പ്രതിരൂപാത്മകത
2. കാവ്യഭംഗിയും യാഥാർത്ഥ്യത്തിന്നപ്പുറമുള്ള മാനങ്ങളും
3. ഒരു സോഷ്യൽ റിവോൾട്ടിന്റെ ആന്തരിക സാന്നിദ്ധ്യം
4. ഇരട്ട നൂലിട്ട് ഇതിവൃത്തം നെയ്തെടുക്കുന്ന പതിവ്

(A) 4 മാത്രം ശരി (B) 1 മാത്രം ശരി
(C) 1ഉം 2ഉം ശരി (D) 1ഉം 4ഉം ശരി

49. **കാര്യം** : യഥാർത്ഥ ഇബ്സനും അദ്ദേഹത്തിന്റെ നാടക സമഗ്രതയും മഞ്ഞുമലപോലെ മാത്രമേ മലയാള നാടകരംഗത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ളൂ.

**കാരണം** :
1. നമ്മുടെ നാടകകൃത്തുക്കൾ വെറും അനുകർത്താക്കൾ മാത്രമായിരുന്നു.
2. ഇബ്സനേക്കാൾ നമ്മുടെ നാടകകൃത്തുക്കളെ സ്വാധീനിച്ചത് ഗാൽസ്വർത്തിയാണ്.

(A) കാര്യം ശരി. കാരണം 1 ശരി.
(B) കാര്യം തെറ്റ്. കാരണം 2 ഭാഗികമായി ശരി.
(C) കാര്യം ശരി. കാരണങ്ങൾ രണ്ടും തെറ്റ്.
(D) കാര്യം ശരി. കാരണം 2 മാത്രം ശരി.

50. അനുകരണത്തിന്റെ വഴികൾ വിട്ട് സ്വന്തം വേരുകൾ കണ്ടെത്താനുള്ള ശ്രമം നാടകരംഗത്ത് നമ്മൾ ആരിലൂടെ ആരംഭിച്ചു ?

(A) വിദേശ നാടകങ്ങളുടെ വിവർത്തനങ്ങളിലൂടെ
(B) സി.എൻ. ശ്രീകണ്ഠൻ നായർ, കാവാലം എന്നിവരിലൂടെ
(C) സി.ജെ. തോമസിന്റെ ക്രൈം നാടകത്തിലൂടെ
(D) എൻ. കൃഷ്ണപിള്ളയിലൂടെ



Latest Sarkari Jobs, Govt Exam Results, Vacancies and updates on one click
Know More

prepp

# Latest Sarkari jobs, Govt Exam alerts, Results and Vacancies

- Latest News and Notification
- Exam Paper Analysis
- Topic-wise weightage
- Previous Year Papers with Answer Key
- Preparation Strategy & Subject-wise Books

To know more **Click Here**

www.prepp.in